**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ഗ്ലോബൽ മാരിടൈം സമ്മിറ്റ് 2023-ൽ പങ്കെടുത്തതിന്റെ പങ്കാളിത്ത ഫീസ്, കൊല്ലം തുറമുഖത്ത് ചാനൽ മാർക്കിംഗ് ബോയകളിൽ ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.432/2025/F&P തീയതി,തിരുവനന്തപുരം, 19-06-2025

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02/06/2025 ലെ HOXMB/8/2025-Al (Fin)നമ്പർ കത്ത്

**ഉത്തരവ്**

ഗ്ലോബൽ മാരിടൈം സമ്മിറ്റ് 2023-ൽ പങ്കെടുത്തതിന്റെ പങ്കാളിത്ത ഫീസായി കേരള മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്ന് നൽകിയ 50,00,000/- രൂപയിൽ 43,24,397/- രൂപ കഴിഞ്ഞ സാമ്പത്തിക വർഷം " 5051-80-600-62- Development of Coastal shipping എന്ന ശീർഷകത്തിൽ ലഭിച്ചിരുന്നു എന്നും ബാക്കി തുകയായ 6,75,603/- രൂപ നിലവിൽ മേൽ പറഞ്ഞ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ " 5051-02-200-86- Development of Ports ” എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി. കൂടാതെ കൊല്ലം തുറമുഖത്ത് ചാനൽ മാർക്കിംഗ് ബോയകളിൽ ലൈറ്റ് സ്ഥാപിക്കുന്ന പ്രവർത്തിക്ക് 18,743/- രൂപയുടെ ഭരണാനുമതി 5051-02-200-81- Development of Ports ശീർഷകത്തിൽ ലഭിച്ചിട്ടുണ്ടെങ്കിലും 2025-26 സാമ്പത്തികവർഷം "5051-02-200-81 തങ്കശ്ശേരി തുറമുഖ വികസനം” ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ മേൽ പ്രവൃത്തിക്കും "5051-02-200-86-Development of Ports" എന്ന ശീർഷകത്തിൽ ഫണ്ട് അനുവദിക്കണമെന്ന് കേരള മാരിടൈംബാർഡ് സി.ഇ.ഒ അഭ്യർത്ഥിച്ചിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. ഗ്ലോബൽ മാരിടൈം സമ്മിറ്റ് 2023-ൽ പങ്കെടുത്തതിന്റെ പങ്കാളിത്ത ഫീസ് ഇനത്തിൽ ലഭിയ്ക്കാനുള്ള ബാക്കി തുകയായ 6,75,603/-രൂപ (ആറ് ലക്ഷത്തി എഴുപത്തി അഞ്ചായിരത്തി അറുന്നൂറ്റിമൂന്ന് രൂപ മാത്രം) കേരള മാരിടൈംബോർഡ് ഫിനാൻസ് ഓഫീസർക്കും കൊല്ലം തുറമുഖത്ത് ചാനൽ മാർക്കിംഗ് ബോയകളിൽ ലൈറ്റ് സ്ഥാപിക്കുന്ന

പ്രവർത്തിക്ക് **18,743/-**രൂപ (പതിനെട്ടായിരിത്തി എഴുന്നൂറ്റി നാല്പത്തി മൂന്ന് രൂപ മാത്രം) കൊല്ലം തുറമുഖ ഓഫീസർക്കും "**5051-02-200-86-Development of Ports** " എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരളമാരിടൈംബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Anitha R S
Date: 20-06-2025 12:03:32
സെക്ഷൻ ഓഫീസർ